പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2066 26.03.2013 -ൽ മറുപടിക്ക്

പൊതുഗതാഗത സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>" ജോസഫ് വാഴക്കൻ<br>" സി. പി. മുഹമ്മദ്<br>" കെ. ശിവദാസൻ നായർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. -യുടെ പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സിയുടെ പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം ശക്തി പ്പെടുത്തുന്നതിന് പദ്ധതി രൂപീക രിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | ആധുനിക സംവിധാനങ്ങളോടു കൂടിയ വാഹനങ്ങൾ നിരത്തിലിറക്കി മെച്ചപ്പെട്ട യാത്രാസൗകര്യം ഉറപ്പാക്കുന്നതിനോടൊപ്പം യാത്രാക്ലേശം പരിഹരിക്കുക എന്നുള്ള തുമാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. പ്രസ്തുത രീതിയിലുള്ള യാത്രാ സംവി ധാനം ശക്തിപ്പെടുത്തുമ്പോൾ സിറ്റിയി ലേയ്ക്കു കടന്നു വരുന്ന ചെറുകിട സ്വകാര്യ വാഹന ഉപഭോക്താക്കളുടെ എണ്ണത്തിൽ കുറവു വരുന്നതു വഴി സിറ്റിയിലുണ്ടാകുന്ന ഗതാഗതക്കുരുക്കിന് ശമനമുണ്ടാക്കാൻ സാധിക്കും. അങ്ങനെ ദേശീയ ഇന്ധന ഉപയോഗത്തിന് ഗണ്യമായ കുറവ് വരാൻ സാധ്യതയുണ്ട്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് പദ്ധ തിയുമായി സഹകരിക്കുന്നത്; | (സി) | കേന്ദ്ര സർക്കാരും, സംസ്ഥാന സർക്കാരും കേരള സസ്റ്റെയിനബിൾ അർബൻ ഡെവലപ്പ്മെന്റ് പ്രോജക്ട് (KSUDP) ഉം ആണ് പദ്ധതിയുമായി സഹകരിക്കുന്ന ഏജൻസികൾ. |
| (ഡി) | പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെ ല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ജൻറം ഫേസ് I - ൽ ഉൾപ്പെടുത്തി തിരുവനന്തപുരം സിറ്റിയിൽ 150 ബസ്സുകളും (30 എ.സി. + 120 നോൺ എ.സി) കൊച്ചി നഗരത്തിൽ 170 (50 എ.സി. + 120 നോൺ എ.സി) ബസ്സുകളും ലഭ്യമായിട്ടുണ്ട്. അവ സർവ്വീസ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ